കോഴിക്കോട് ജില്ലയിലെ മാവേലി സ്റ്റോറുകളിലെ ദിവസവേതനക്കാർ

102(1359) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ മാവേലി സ്റ്റോറുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ എത്രപേർ ജോലി ചെയ്യുന്നുണ്ടെന്ന് വിശദമാക്കുമോ;

(ബി) മാവേലി സ്റ്റോറുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് എത്ര രൂപയാണ് നൽകിവരുന്നത്; ഇവർക്ക് മറ്റെന്തെങ്കിലും ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ?

ഉത്തരം

(എ) സിവിൽസപ്ലൈസ് കോർപ്പറേഷന്റെ സൂപ്പർമാർക്കറ്റുകൾ, മാവേലി സ്റ്റോറുകൾ തുടങ്ങിയ ചില്ലറ വില്പന ശാലകളിൽ ഡിസ്പ്ലേ, ക്ലീനിംഗ് ഇതര ജോലികൾക്കായി സ്ഥിരം ജീവനക്കാരില്ല. ആയതിനാൽ ഓരോ സ്റ്റോറിലേയും താത്ക്കാലിക ആവശ്യമനുസരിച്ച് ഇത്തരം ജോലികൾക്കായി പുറമേ നിന്നുള്ള ആളുകളുടെ സേവനം പലപ്പോഴായി ഉപയോഗപ്പെടുത്താറുണ്ട്. ആയതിനാൽ ദിവസവേതന നിരക്കിൽ സ്ഥിരമായി ജോലി ചെയ്യുന്നവർ ആരും തന്നെ യില്ല.

(ബി) അടിയന്തര ഘട്ടങ്ങളിൽ മേൽ സൂചിപ്പിച്ച രീതിയിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് 125 രൂപ നിരക്കിൽ നൽകി വരുന്നു.

മണലൂർ മണ്ഡലത്തിൽപ്പെട്ട സപ്ലൈകോ പീപ്പിൾസ് ബസാർ

103(1360) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മണലൂർ നിയോജകമണ്ഡലത്തിൽപ്പെട്ട കാഞ്ഞാണിയോ, കണ്ടശ്ശാംകടവോ കേന്ദ്രമാക്കി സപ്ലൈകോ പീപ്പിൾസ് ബസാർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ ?

ഉത്തരം

എല്ലാ ജില്ലയിലും ഏറ്റവും പ്രധാനപ്പെട്ട സിറ്റിയിൽ അല്ലെങ്കിൽ ടൗണിൽ ആണ് പീപ്പിൾസ് ബസാർ ഉദ്ദേശിക്കുന്നത്. ഇതിന് പ്രത്യേക നിബന്ധനകളും ബാധകമാണ്. പ്രതിമാസം 25 ലക്ഷത്തിൽ അധികം രൂപയുടെ വിറ്റുവരവ്, 2500 സ്കയർ ഫീറ്റിൽ കൂടുതൽ വിസ്തൃതമായ സ്ഥലസൗകര്യം, ആവശ്യമുള്ള കാർ പാർക്കിംഗ് സൗകര്യം, ഉപഭോക്തൃ ഉൽപ്പന്നങ്ങൾ ഉൾപ്പെടെ ഒരു കുടുംബത്തിന് ആവശ്യമായ എല്ലാ സാധനങ്ങളും ഒരു കുടക്കീഴിൽ അണിനിരത്താനുള്ള സൗകര്യം എന്നിവ നിർബന്ധമാണ്. ഈ നിബന്ധനകൾ പാലിക്കാനാവാത്തതിനാൽ നിലവിൽ കാഞ്ഞാണിയോ, കണ്ടശ്ശാംകടവോ കേന്ദ്രമാക്കി പീപ്പിൾസ് ബസാർ ആരംഭിക്കുന്നത് പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly